## കേരള സർക്കാർ

### സംഗ്രഹം

പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - കോട്ടയം ജില്ലയിലെ മരങ്ങാട്ടുപ്പള്ളി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ ശശി ഇ കെ-യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (സാധാ) നം.1896/2016/തസ്വഭവ തീയതി, തിരുവനന്തപുരം,10-6-2016

---

പരാമർശം : 1. കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.07.2015 ലെ ഇ 2(1)-7506/2015 നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ 07.04.2016 ലെ ഇ 6-38563/15 നമ്പർ കത്ത്.

### ഉത്തരവ്

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപ്പള്ളി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ ശശി ഇ കെ 11.01.2002 ൽ ക്ലാർക്കായി പഞ്ചായത്ത് വകുപ്പിൽ പ്രവേശിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി. പരീക്ഷ വിജയിയ്ക്കാത്തതിനാൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് ടിയാനെടുത്ത 21 ദിവസം ഒഴിവാക്കി 01.02.2004 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയുണ്ടായി. 31.01.2014 ൽ ടിയാൻ എം. ഒ. പി. പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 01.02.2014 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 02.02.2014 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ മരങ്ങാട്ടുപ്പള്ളി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. ശശി ഇ കെ എം. ഒ. പി പരീക്ഷ വിജയിച്ച 31.01.2014 ന്റെ തൊട്ടടുത്ത ദിവസമായ 01.02.2014 ന്

പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ് 02.02.2014 വരെ പ്രൊബേഷൻ കാലയളവ്, കെ.എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം, ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**

ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

സെക്രട്ടറി, മരങ്ങാട്ടുപ്പള്ളി ഗ്രാമപഞ്ചായത്താഫീസ്, കോട്ടയം.

(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).

ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(80/ഇപിഎ 1/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ